പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 666

1.11.2011 ൽ മറുപടിയ്ക്ക്

## ആയുർവ്വേദിക് ഡ്രഗ്സ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഉദ്പാദിപ്പിക്കപ്പെടുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സർക്കാർ തലത്തിൽ നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ഉദ്പാദിപ്പിക്കപ്പെടുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ആയുർവ്വേദത്തിനായി ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ വകുപ്പിന്റെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരം ഉറപ്പാക്കിയ ശേഷമാണ് മരുന്നുകൾക്ക് ഉൽപ്പാദന ലൈസൻസ് അനുവദിക്കുന്നത്. കൂടാതെ ഉൽപ്പാദന യൂണിറ്റുകളിൽ നിന്നും, മാർക്കറ്റിൽ നിന്നും മരുന്നുകളുടെ സാമ്പിൾ ശേഖരിച്ച് പരിശോധിക്കുന്നതിനും സംവിധാനമുണ്ട്. |
| (ബി) ആയുർവ്വേദ മരുന്നുല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന മെച്ചപ്പെടുത്താൻ ആയുർവ്വേദിക് ഡ്രഗ്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ബി) ആയുർവ്വേദ മരുന്നുല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന മെച്ചപ്പെട്ട രീതിയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. ആയുർവ്വേദിക് ഡ്രഗ്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) ആയുർവ്വേദ മരുന്നുല്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | സി) ആയുർവ്വേദ മരുന്നുല്പന്നങ്ങളുടെ ഗുണനില വാരത്തെ സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുകയും അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അരിഷ്ടാസവങ്ങളുടെയും ടോണിക്കുകളുടേയും കഫ് സിറപ്പുകളുടേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ സിന്തറ്റിക് സ്റ്റീറോയ്ഡിന്റെയും ആൽക്കഹോളിന്റെയും അലോപ്പതി മരുന്നുകളുടെയും സാന്നിദ്ധ്യം കണ്ടെത്തിയ കേസുകളിലും . ചില മരുന്നുകൾക്ക് ഗുണനിലവാരമില്ല എന്ന് കണ്ടെത്തിയ കേസുകളിലും നിയമ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ